# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

<u>നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. **4895**</u> <u>18.12.2014-ൽ മറുപടിയ്ക്ക്</u>

## <u>നിർമ്മാണ സാമഗ്രികളുടെ ദൗർലഭ്യം</u>

### <u>ചോദ്യം</u>

**ശ്രീ. വി.എം.ഉമ്മർ മാസ്റ്റർ**

**,, എൻ.ഷംസുദ്ദീൻ**

**,, എൻ.എ.നെല്ലിക്കുന്ന്**

**,, പി.കെ.ബഷീർ**

(എ) നിർമ്മാണ സാമഗ്രികളുടെ ദൗർലഭ്യം, റോഡുകളുടെയും, കെട്ടിടങ്ങളുടെയും നിർമ്മാണത്തിന് വിഘാതം സൃഷ്ടിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ, ഇത് പരിഹരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള കരുതൽ നടപടികൾ വിശദമാക്കുമോ ;

(സി) പരമ്പരാഗത രീതിയിൽ മാറ്റം വരുത്തി, സുലഭമായ മറ്റ് നിർമ്മാണ സാമഗ്രികൾ ഉപയോഗപ്പെടുത്തുന്ന കാര്യത്തിൽ ഗവേഷണ പ്രവർത്തനങ്ങൾ നടക്കുന്നുണ്ടോ ; ഉണ്ടെങ്കിൽ അത് സംബന്ധിച്ച വിവരങ്ങൾ വെളിപ്പെടുത്തുമോ ?

### <u>മറുപടി</u>

**ശ്രീ.വി.കെ. ഇബ്രാഹിം കുഞ്ഞ്**

(പൊതുമരാമത്ത് വകുപ്പ്മന്ത്രി)

(എ) നിർമ്മാണ സാമഗ്രികളുടെ ദൗർലഭ്യം നിർമ്മാണത്തെ ചില സ്ഥലങ്ങളിൽ മന്ദീഭവിപ്പിക്കുന്നുണ്ട്.

<u>(ബി)&(സി):</u>

നിർമ്മാണത്തിന് ദൗർലഭ്യം നേരിടുന്ന വസ്തുക്കൾക്ക് പകരമായി മറ്റ് വസ്തുക്കൾ ഉപയോഗിക്കുവാനുള്ള ഫലപ്രദമായ സാങ്കേതിക വിദ്യകൾ തൽക്കാലം നമ്മുടെ സംസ്ഥാനത്ത് ലഭ്യമല്ല. ഇത് സംബന്ധമായി നമ്മുടെ രാജ്യത്തും ആഗോളതലത്തിലും നടന്നു വരുന്ന ഗവേഷണ പ്രവർത്തനങ്ങളുടെ ഫലമായി ഉരുത്തിരിയുന്ന സാങ്കേതികവിദ്യ നമ്മുടെ സംസ്ഥാനത്തിന് യോജിക്കുന്നവയാണോ എന്ന് പരിശോധിക്കേണ്ടതുണ്ട്. 'ഇ-മണൽ' പദ്ധതിയിൽ ഉൾപ്പെടുത്തി സർക്കാർ സംവിധാനങ്ങൾ വഴി ചില നിർമ്മാണ പ്രവൃത്തികൾക്ക് മിതമായ നിരക്കിൽ മണൽ ലഭ്യമാക്കുന്നുണ്ട്. ഓഫ് ഷോർ സാന്റ് ഉപയോഗിച്ചുള്ള കോൺക്രീറ്റ്, ഫ്ലൈ ആഷ് ബ്രിക് മുതലായവയുടെ പഠനം നടത്തിവരുന്നു.

**സെക്ഷൻ ഓഫീസർ**